"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. സി3/125/2022/ആരോഗ്യം
ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-09-2022

## സർക്കുലർ

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നിയമസഭ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ (2011-14) ഒന്നാമത് റിപ്പോർട്ടിലെ സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ശുപാർശ നടപ്പാക്കുന്നത് സംബന്ധിച്ച്

സൂചന:- കേരള നിയമസഭ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ (2021-23) - 2011-14 ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

**********************

കേരള നിയമസഭ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ (2011-14) ഒന്നാമത് റിപ്പോർട്ടിലെ , സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- പല സ്വകാര്യ സ്ഥാപനങ്ങളിലും, സ്വകാര്യ ആശുപത്രികളിലും ജോലിയിൽ പ്രവേശിക്കുമ്പോൾ പത്താം ക്ലാസ്സ് മുതലുള്ള എല്ലാ സർട്ടിഫിക്കറ്റുകളും വാങ്ങിവയ്ക്കുകയും നിശ്ചിത കാലത്തേക്ക് തൊഴിൽ വിട്ട് പോകില്ല എന്ന ഉറപ്പ് വാങ്ങുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ ഉത്തരവനുസരിച്ച് ഈ സമ്പ്രദായം നിയമവിരുദ്ധമാണ്. മതിയായ ശമ്പളവും, നല്ല ജോലി സാഹചര്യങ്ങളും ലഭിക്കുന്നപക്ഷം ജീവനക്കാർ ആശുപത്രി വിട്ട് പോവുകയില്ല. അതിനാൽ തന്നെ നിർബന്ധിച്ച് ബോണ്ട് ചെയ്യിക്കേണ്ട ആവശ്യവുമില്ല. ആയതിനാൽ യോഗ്യതാ സർ ട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കുകയും ശരിയായ പ്രവർത്തന പരിചയ സർട്ടിഫിക്കറ്റ് നല്കാതിരിക്കുകയും ചെയ്യുന്ന ആശുപത്രികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.
- വേണ്ടത്ര യോഗ്യത ഇല്ലാത്തവരെ നഴ്സിംഗ് സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ നിയമിക്കുന്ന നടപടി പല സ്വകാര്യ ആശുപത്രികളിലും നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് മാത്രമേ വാർഡ് സൂപ്പർവൈസർ, ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് എന്നീ തസ്തികകളിൽ നിയമനം നടത്താവൂ എന്ന് നിർദ്ദേശിക്കുന്നു. അപ്രകാരമല്ലാതെ നിയമനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
- ജനറൽ വാർഡിൽ 3 രോഗികൾക്കും, ഐ.സി.യു വിൽ ഒരു രോഗിക്കും ഒരു നഴ്സ് വീതം

വേണമെന്നാണ് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിബന്ധനയെങ്കിലും, മിക്ക സ്വകാര്യ ആശുപത്രികളിലും 15 മുതൽ 20 വരെ രോഗികൾക്കാണ് ഇപ്പോൾ ഒരു നഴ്സ് ഉള്ളതെന്നും, ആയതിനാൽ ഇവർക്ക് ജോലിഭാരവും തന്മൂലം മാനസിക സമ്മർദ്ദവും കൂടുന്നു എന്നും സമിതി കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിൽ നഴ്സ്-രോഗി അനുപാതം സംബന്ധിച്ച നഴ്സിംഗ് കൗൺസിലിന്റെ നിബന്ധനകൾ കൃത്യമായി പാലിക്കുവാൻ നിർദ്ദേശിക്കുന്നു.

- സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് വേണ്ടത്ര പ്രതിരോധ സംവിധാനം ഏർപ്പെടുത്തുന്നതിനും, രോഗബാധിതർക്ക് ചികിത്സ നൽകുന്നതിനും, വിശ്രമം ആവശ്യമുള്ളപക്ഷം ശമ്പളത്തോടു കൂടിയ അവധി അനുവദിക്കുന്നതിനും, ജോലി ചെയ്യുന്ന ആശുപത്രികളിൽ നിന്ന് കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ, വൈദ്യപരിശോധന, സൗജന്യ ചികിത്സ എന്നീ ആനുകൂല്യങ്ങൾ നഴ്സുമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്നതിനും, ആവശ്യമുള്ള പക്ഷം സിക്ക് ലീവ് അനുവദിക്കുന്നതിനും സ്വകാര്യ ആശുപത്രി അധികൃതർ നടപടികൾ കൈകൊള്ളേണ്ടതാണ്.
- സ്വകാര്യ ആശുപത്രികളിൽ പുരുഷ നഴ്സുമാരുടെ എണ്ണം കുറവാണെന്ന് കാണുന്നു. ആയതിനാൽ നിശ്ചിത ശതമാനം പുരുഷ നഴ്സുമാരെ നിയമിക്കേണ്ടതാണ്. പുരുഷ നഴ്സുമാരെ മനഃപൂർവ്വം ഒഴിവാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
- ചില സ്വകാര്യ ആശുപത്രികളിൽ പ്രതികൂലവും, അരക്ഷിതവുമായ തൊഴിൽ സാഹചര്യങ്ങളാണുള്ളത്. അത്യാവശ്യ സൗകര്യങ്ങൾ പോലും ഇല്ലാതെയാണ് ജീവനക്കാരിൽ ഭൂരിഭാഗം പേരും ജോലിചെയ്യുന്നത്. ഡ്യൂട്ടി റൂം, റെസ്റ്റ് റൂം, ടോയ് ലറ്റ് സൗകര്യം, ചെയ്ഞ്ചിംഗ് റൂം എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒഴിച്ചു കൂടാനാകാത്തവയാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ കടുത്ത മാനസിക പീഡനങ്ങൾ അനുഭവിച്ചുകൊണ്ട് ജോലി ചെയ്യേണ്ടിവരുന്നവരാണ് ഏറെ പേരും. മാത്രമല്ല രോഗീ പരിചരണത്തിനാവശ്യമായ സാധന സാമഗ്രികളുടെ അപര്യാപ്തതയും നഴ്സുമാരെ മാനസിക സമ്മർദ്ദത്തിനടിമകളാക്കുന്നു. വിലപ്പെട്ട ജീവനുവേണ്ടി പോരാടുമ്പോൾ ഇവർ സഹിക്കേണ്ടിവരുന്ന യാതനകൾ എറെയാണ്. ഈ സാഹചര്യത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ നഴ്സസ് സ്റ്റേഷൻ, ചെയ്ഞ്ചിംഗ് റൂം, ടോയ് ലറ്റ്, സിക്ക് റൂം, എന്നിവ സ്വകാര്യ ആശുപത്രികളിൽ ഏർപ്പെടുത്തേണ്ടതാണ്.
- സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഒരാൾ ജോലിയിൽ നിന്നും സ്വമേധയാ വിടുതൽ നേടുവാനാഗ്രഹിക്കുന്നുവെങ്കിൽ ഒരു മാസം മുൻപ് നോട്ടീസ് നല്കിയാൽ മതിയാകും. ഇതിനായി സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കുക. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് നല്കാതിരിക്കുക, പിഴ ഈടാക്കുക തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.
- നവീന കാലഘട്ടത്തിനനുസൃതമായി നൂതന സാങ്കേതിക വിദ്യകളിലും നവീന ഉപകരണങ്ങളിലും പരിചയം ലഭ്യമാക്കുന്നതിനായി നഴ്സുമാർക്ക് ഇൻ – സർവീസ് ട്രെയിനിംഗ് നൽകുവാനുള്ള നടപടി സ്വകാര്യ ആശുപത്രികൾ സ്വീകരിക്കേണ്ടതാണ്.
- മേൽ നിർദ്ദേശം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ സ്വകാര്യ ആശുപത്രി മേധാവികളും ഉറപ്പു വരുത്തേണ്ടതാണ്.

SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ
തൊഴിലും നൈപുണ്യവും വകുപ്പ്
കേരളത്തിലെ എല്ലാ സ്വകാര്യ ഹോസ്പിറ്റലുകൾ/സ്ഥാപനങ്ങൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും
വിവരപൊതുജന സമ്പർക്ക വകുപ്പ് / വെബ് &മീഡിയ വിഭാഗം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Anu Surendran**
**Date: 24-09-2022 10:50:51**
സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു. ആരോഗ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്